## കേരള കാർഷിക സർവ്വകലാശാല വാർത്തകൾ

## (ജനുവരി 31–06, 2020)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
E-mail: ccmannuthy@kau.in, Phone: 0487-2370773)

No. C3/4/2020 – 6 Dt. 30 .01. 2020

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

നെല്ലിലെ മുഞ്ഞയെ നിയന്ത്രിക്കാൻ പാടങ്ങളിലെ വെള്ളം വാർത്ത് കളയുക. രണ്ട് ഗ്രാം തയാമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ഇമിഡാക്ലോപ്രിഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. പുഞ്ചകൃഷിയ്ക്കുവേണ്ടിയുള്ള നിലം ഒരുക്കൽ ഇപ്പോൾ തുടങ്ങാം. വിതയ്ക്കാനായി പാടം ഒരുതവണ ഉഴുതു നിരത്തിയ ശേഷം വെള്ളം വാർക്കാൻ 2 ആഴ്ച ഇടുക. ഈ സമയത്താണ് കളകൾ മുളയ്ക്കുന്നത്. തുടർന്ന് വീണ്ടും ഉഴുതുനിരത്തിയ ശേഷം വിത്ത് വിതയ്ക്കാം.

തൈതെങ്ങുകൾ പെട്ടെന്ന് കായ്ഫലം തരുന്നതിനും പൂങ്കുലകളിൽ കൂടുതൽ പെൺപൂക്കൾ ഉണ്ടാകുന്നതിനും മച്ചിങ്ങ പൊഴിച്ചിൽ നിയന്ത്രിക്കുന്നതിനും തേങ്ങയുടെ വലിപ്പം കൂടുന്നതിനും ജലസേചനം കൂടിയേ തീരൂ. ഒരിക്കൽ നന ആരംഭിച്ചാൽ ആ തോട്ടത്തിൽ തുടർന്ന് എല്ലാ വർഷവും നനക്കുവാൻ ശ്രദ്ധിക്കണം. മണ്ണിൽ ഈർപ്പം ഉണ്ടെങ്കിൽ തെങ്ങ് പോഷകമൂലകങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ ഉപയോഗപ്പെടുത്തും എന്നതുകൊണ്ട് നനയുള്ള തെങ്ങുകൾക്ക് വളം പല തവണകളായി നൽകാം. ജലസേചന സൗകര്യമില്ലാത്ത ഇടങ്ങളിൽ തെങ്ങിൻ തോപ്പിലെ ഈർപ്പം സംരക്ഷിക്കുവാനുള്ള നടപടികൾ കാലവർഷാരംഭത്തോടെ തന്നെ എടുത്തിരിക്കണം. രണ്ടു വരി തെങ്ങുകൾക്കിടയിൽ അര മീറ്റർ ആഴത്തിലും അര മീറ്റർ വീതിയിലും ചാലുകൾ എടുത്ത് അതിൽ അഞ്ചോ ആറോ നിര തൊണ്ട് അടുക്കിയ ശേഷം മണ്ണിട്ട് മൂടണം. ചകിരിത്തൊണ്ടിന്റെ ഉൾഭാഗം മുകളിലേക്ക് വരത്തക്ക വിധമാണ് അടുക്കേണ്ടത്. ഒരു തെങ്ങിന് ഏകദേശം 500 മുതൽ 600 തൊണ്ട് എന്ന തോതിൽ വേണ്ടിവരും. ഇപ്രകാരം ചെയ്യുന്നതു കൊണ്ടുള്ള പ്രയോജനം 6 വർഷം വരെ നിൽക്കുന്നതായാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. തെങ്ങിൽ കൊമ്പൻചെല്ലിയുടെ ആക്രമണം കൂടുതലായി കാണപ്പെടുന്ന സമയമാണിത്. ഇതിനെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കാം. തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗമായ ചെന്നീരൊലിപ്പിനെ നിയന്ത്രിക്കാൻ നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി കാലിക്സിൻ അല്ലെങ്കിൽ കോൺടാഫ് 5 മി.ലി, 100 മി.ലി വെള്ളത്തിൽ കലക്കി ചെത്തിയ ഭാഗത്ത് തേക്കുക.

കമുകിന് വളപ്രയോഗം നടത്തേണ്ട സമയമാണിത്. യൂറിയ 110 ഗ്രാം, റോക്ക് ഫോസ്ഫേറ്റ് 100 ഗ്രാം, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് 120 ഗ്രാം എന്ന തോതിൽ ഏകദേശം 3 വർഷം പ്രായമായ നാടൻ കമുകിനത്തിന് വളപ്രയോഗം നടത്താം. എന്നാൽ ഉൽപാദനശേഷി കൂടിയ ഇനമാണെങ്കിൽ 165 ഗ്രാം യൂറിയ, 150 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 175 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ വളപ്രയോഗം ചെയ്യണം.

കുരുമുളകിന്റെ കൊടിത്തലകൾ മുറിച്ചെടുത്ത് വേര് പിടിപ്പിക്കാനായി തവാരണകളിൽ നടേണ്ട സമയമാണിത്. നല്ല വിളവ് തരുന്ന ആരോഗ്യമുള്ള തായ്‌വള്ളികളിൽ നിന്ന് കുറഞ്ഞത് മൂന്ന് മുട്ടുകളെങ്കിലുമുള്ള വള്ളികൾ വേണം തൈകൾക്ക് വേണ്ടി ശേഖരിക്കാൻ. നടീൽ മിശ്രിതം തയ്യാറാക്കുമ്പോൾ സ്യൂഡോമോണസ് ചേർക്കുന്നത് തൈകൾ പെട്ടെന്ന് വളരുന്നതിനും രോഗ പ്രതിരോധശേഷി ലഭിക്കുന്നതിനും സഹായകമാണ്. പെട്ടെന്ന് വേര് പിടിച്ചു കിട്ടുന്നതിനായി ഹോർമോൺ ചികിത്സയും നടത്താം. ഒരു ഗ്രാം ഇൻഡോൾ ബ്യൂട്ടറിക് ആസിഡ് അൽപം ആൾക്കഹോളിൽ ലയിപ്പിച്ച്, വെള്ളം ചേർത്ത് ഒരു ലിറ്ററാക്കുക. തണ്ടുകളുടെ ചുവടറ്റം ഈ ലായനിയിൽ 45 സെക്കന്റ് സമയം മുക്കിയ ശേഷം നടാം. കമ്പുകൾ 10–15 ദിവസം തണലത്ത് വക്കുക.

പയറിലെ ഇലപ്പേനിന്റെ ആക്രമണം നിയന്ത്രിക്കാൻ പാകമായ പയർ വിളവെടുത്തതിന് ശേഷം 2 മില്ലി ഫിപ്രോനിൽ 5SC ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

തനിവിളയായോ ഇടവിളയായോ ലാഭകരമായി കൃഷി ചെയ്യാൻ യോജിച്ച കിഴങ്ങുവിളയാണ് ചേന. കുംഭം പിറന്നാൽ ചേന നടാം. 90 x 90 സെ.മീ അകലത്തിലും 60 x 60 x 45 സെ.മീ വലുപ്പത്തിലുമുള്ള കുഴികളെടുത്ത് കുമ്മായം ഇടണം ഒരാഴ്ച്ച കഴിഞ്ഞ് മേൽമണ്ണും കാലിവളവും ഇലപ്പൊടിയും, സ്യൂഡമോണാസും ചേർത്ത് കുഴി നിറച്ചതിനുശേഷം ചേന നടാം. കുഴിയൊന്നിന് 2 കിലോഗ്രാം ചാണകം ചേർക്കണം. നട്ടതിനുശേഷം നല്ലതുപോലെ പുതയിടണം.

കുംഭക്കപ്പക്ക് സ്ഥലമൊരുക്കാം. അടിവളമായി ചുവടിന് ഒരു കിലോ ഗ്രാം വീതം കാലിവളം ചേർക്കണം. കൂടാതെ ഏക്കറിന് 22 കി.ഗ്രാം യൂറിയ, 75 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 17 കി.ഗ്രാം പൊട്ടാഷ് എന്നിവയും ആവശ്യമാണ്. ശിഖരമില്ലാത്ത $M_4$ പോലെയുള്ള ഇനങ്ങൾ 75 x 75 സെ.മീ അകലത്തിലും, ശിഖരമുള്ളവ 90 x 90 സെ.മീ അകലത്തിലും നടാം.

ഔഷധസസ്യമായ ചിറ്ററത്തയുടെ കിഴങ്ങ് നട്ട് ഒന്നര വർഷത്തിനുശേഷം വിളവെടുക്കാം. വേരുകൾ നീക്കി വൃത്തിയാക്കിയ കിഴങ്ങുകൾ, പച്ചക്കോ, അരിഞ്ഞുണക്കിയോ വിൽപന നടത്താം. എലി നിയന്ത്രണത്തിനായി പാടത്തെ വരമ്പുകളിലും വീട്ടു പരിസരത്തും ചെത്തിക്കൊടുവേലിക്കിഴങ്ങ് നടാം.

<u>അറിയിപ്പ്</u>

1. കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണമായ കല്പധേനുവിന്റെ വരിക്കാരാകാൻ താല്പര്യമുള്ളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വാർഷിക വരിസംഖ്യ – 125/രൂപ. അഞ്ചുവർഷത്തെ വരിസംഖ്യ – 500/രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487-2370773, 9447838291.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് 2020 ഫെബ്രുവരി 6,7 തിയ്യതികളിൽ ശുദ്ധജല മത്സ്യ കൃഷി" എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1050/– രൂപ രജിസ്ട്രേഷൻ ഫീസോടെ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487 – 2370773, എന്ന നമ്പറിൽ ബന്ധപ്പെടുക

ഒപ്പ്/–

പ്രൊഫസർ & ഹെഡ്